**KERALA POLICE INFORMATION CENTRE**

No. 22/PR/PIC/PHQ/09 Date . 19.12.09

# വിദേശത്ത് തൊഴിൽതേടി പോകുന്നവർ അവശ്യം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിദേശരാജ്യങ്ങളിൽ തൊഴിൽതേടി പോകുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. കൈവശം കുറഞ്ഞത് ആറുമാസം വരെയെങ്കിലും കാലയളവുള്ള ഇന്ത്യൻ പാസ്പോർട്ട് ഉണ്ടായിരിക്കണം.
2. നിയമാനുസരണം രജിസ്റ്റർ ചെയ്ത റിക്രൂട്ടിംങ് ഏജന്റുവഴിയാണ് ഉദ്യോഗം ലഭിക്കുന്നത് എന്ന് തീർത്തും ഉറപ്പുവരുത്തേണ്ടതാണ്. (അംഗീകൃതമാണോ എന്നിറിയുന്നതിനായി പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസുമായി ബന്ധപ്പെടേണ്ടതാണ്).
3. റിക്രൂട്ടിംങ് ഏജന്റിന് വിദേശതൊഴിൽ ദാതാവിൽ നിന്ന് ജോലിക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് മതിയായ അധികാരപത്രം ലഭിച്ചിട്ടുണ്ടോ എന്നും, ശമ്പളം/മറ്റ് ആനുകൂല്യങ്ങൾ വ്യക്തമാക്കുന്ന ഡിമാന്റ് ലെറ്റർ ലഭിച്ചിട്ടുണ്ടോ എന്നും, ജോലിക്കായുള്ള എഗ്രിമെന്റിന്റെ നക്കലിൽ നിങ്ങളുടെ പേരിൽ വിദേശ ഗവൺമെന്റ് വിസ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും മറ്റും ഉറപ്പുവരുത്തേണ്ടതാണ്.
4. അവിദഗ്ധ തൊഴിൽ/വീട്ടുജോലിക്കാർ എന്നിവർ അതാത് രാജ്യത്തെ ഇന്ത്യൻ കാര്യാലയം ജോലി സംബന്ധമായ രേഖകൾ സാക്ഷ്യപ്പെടുത്തി എന്ന് ഉറപ്പാക്കേണ്ടതാണ്.
5. ഉദ്യോഗാർത്ഥിയും വിദേശ തൊഴിൽദാതാവോ/ഏജന്റോ ഒപ്പിട്ട ജോലിക്കുള്ള ധാരണാപത്രം കൈവശമുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. ജോലിക്കുള്ള കരാർ പത്രത്തിൽ, തൊഴിൽദാതാവിന്റെ വിവരം, വേതനം, ജോലി കാലാവധി മറ്റ് ആനുകൂല്യങ്ങൾ, മെഡിക്കൽ സൗകര്യം, യാത്രാച്ചിലവ് എന്നിവ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽതേടുന്നവരുടെ കൈവശം തൊഴിൽ കരാറിന്റെ ഇംഗ്ലീഷിലും അറബിയിലുമുള്ള കോപ്പി ഉണ്ടായിരിക്കേണ്ടതാണ്.
8. വിദേശത്തേക്ക് പോകുന്ന ഉദ്യോഗാർത്ഥികൾ ഇന്ത്യയിൽ ഒരു സേവിംഗ്സ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
9. ശരിയായ യാത്രാ ടിക്കറ്റും, പാസ്പോർട്ടിൽ നിയമപരമായ വിസ അടിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക.
10. ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന രാജ്യത്തെ ലേബർ നിയമങ്ങളും മറ്റും മനസ്സിലാക്കി വയ്ക്കേണ്ടതാണ്. ഇത്തരത്തിലുള്ള വിവരങ്ങൾ അംഗീകൃത ഏജന്റിൽ നിന്നോ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ഓഫീസിൽ നിന്നോ അറിയാൻ കഴിയുന്നതാണ്.

11. ജോലി തേടിപ്പോകുന്ന രാജ്യത്തെ ജോലിയും ജീവിത സാഹചര്യങ്ങളും റിക്രൂട്ടിംഗ് ഏജന്റ് മുഖാന്തിരം മുൻകൂട്ടി മനസ്സിലാക്കിവയ്ക്കുക.

12. വിദേശത്ത് എത്തിയശേഷം റസിഡന്റ് പെർമിറ്റ്, ഐഡിന്റിറ്റി കാർഡ് എന്നിവ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

13. തൊഴിൽസംബന്ധമായ കരാറിന്റെ കോപ്പി കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുക.

14. എന്തെങ്കിലും വിഷമതകൾ വന്നാൽ അടുത്തുള്ള ഇന്ത്യൻ മിഷനുമായി ബന്ധപ്പെടേണ്ടതാണ്.

15. കരാർ ജോലി പൂർത്തിയാക്കി മടങ്ങിവരുമ്പോൾ ഇന്ത്യൻ കാര്യാലയവുമായി ബന്ധപ്പെട്ട് ഏറ്റവും പുതിയ കസ്റ്റംസ്, ബാഗേജ് നിയമങ്ങൾ മനസ്സിലാക്കിയിരിക്കണം.

16. പാസ്പോർട്ടിന്റെ ഒരു കോപ്പി നിങ്ങളുടെ കൈവശവും കുടുംബത്തിലും സൂക്ഷിച്ചിരി ക്കേണ്ടതാണ്.

17. രസീത് വാങ്ങാതെ പണമോ രേഖകളോ ഒരു കാരണവശാലും ഏജിന്റിന് നൽകാതിരിക്കുക.

18. വായിച്ചു മനസ്സിലാക്കാതെ യാതൊരു കരാറിലും ഒപ്പിടാതിരിക്കുക.

19. വിദേശത്ത് എത്തിയാൽ വെറും കടലാസിൽ ഒപ്പിട്ടുകൊടുക്കുകയോ നാട്ടിൽ വച്ച് ഒപ്പിട്ട കരാറിനുപുറമെ തൊഴിൽദാതാവിന്റെ മറ്റൊരു കരാറിലും ഒപ്പിട്ടുകൊടുക്കുകയോ ചെയ്യാതിരിക്കുക.

20. വിദേശത്ത് നിങ്ങളുടെ തൊഴിൽ ദാതാവ് നിങ്ങൾ അവിടെ ചെല്ലുന്ന സമയവും തീയതിയും അറിഞ്ഞു എന്ന് ഉറപ്പുവരുത്താതെ യാത്ര പുറപ്പെടാൻ പാടുള്ളതല്ല.

21. വിദേശത്തെ തൊഴിൽസ്ഥലത്ത് കൂട്ടായ പണിമുടക്ക് നടത്തുന്നത് കുറ്റകരമാണ്. അത്തരം പ്രവൃത്തികൾ നിരോധിച്ചിട്ടുള്ളതാണ്.

22. ജോലി കരാർ കാലാവധിക്കിടയിൽ സ്പോൺസറെയോ/തൊഴിൽദാതാവിനെയോ മാറ്റുവാൻ ഇടവരരുത്. അങ്ങനെ ചെയ്താൽ സ്ഥലത്തെ തൊഴിൽ നിയമപ്രകാരം പിഴയോ മറ്റ് നടപടികളോ നേരിടേണ്ടിവരും.

23. ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് റംസാൻ കാലയളവിൽ അനിസ്ലാമിക ആചാരങ്ങളിൽ ഏർപ്പെടരുത്.

24. ചില ഗൾഫ് രാജ്യങ്ങളിൽ മദ്യം ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുകയാണ്. ആയതിനാൽ മദ്യം സൂക്ഷിക്കുന്നതും ഉപയോഗിക്കുന്നതും കുറ്റകരമാണ്.

25. വിദേശത്ത് താമസിക്കുമ്പോൾ പാസ്പോർട്ടും മറ്റ് രേഖകളും കൈമാറ്റം ചെയ്യാൻ ശ്രമിക്കാതിരിക്കുക.

26. തൊഴിൽ ദാതാവ് നൽകുന്ന ശരിയായ ഐഡന്റിറ്റി കാർഡ് ഇല്ലാതെ തൊഴിൽ സ്ഥലത്തു നിന്നും പുറത്തുപോകാതിരിക്കേണ്ടതാണ്.

27. പരിചയമില്ലാത്തവരുടെയും സബ് ഏജന്റുമാരുടേയും വലയിൽ വീഴാതിരിക്കുക. അവർ നിങ്ങളെ ചൂഷണം ചെയ്യാനിടയുണ്ട്.

28. വിദേശ ജോലിക്ക് പോകുന്നവർ തൊഴിൽ, വിസ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ തിരുവനന്തപുരം, കൊച്ചി എന്നീ ഓഫീസുകളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ മനസിലാക്കേണ്ടതാണ്. ഫോൺ നമ്പർ - 0471 2324835 (തിരുവനന്തപുരം)0484 2360187 (കൊച്ചി)